കാർഷിക തൊഴിലാളികൾക്ക് ക്ഷേമനിധി

807. [999] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര കർഷക തൊഴിലാളികൾ ഉണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) അവരിൽ സ്ത്രീ തൊഴിലാളികൾ എത്ര ;

(സി) കർഷക തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കർഷക തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 10,00,904.
(ബി). 7,10,586.
(സി) ഉണ്ട്.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

തെങ്ങുകയറ്റ തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യം

808. [1000] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങുകയറ്റ തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യം തൊഴിലാളികൾക്ക് എന്നു മുതലാണ് നൽകി തുടങ്ങിയത് ;

(ബി) ഇതിനകം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി ?

ഉത്തരം

(എ) 1980-81 സാമ്പത്തിക വർഷം മുതൽ.
(ബി) 30-9-1986 വരെ 704 പേർക്ക്.

മിനിമം കൂലി പുതുക്കി, നിശ്ചയിക്കണമെന്ന നിബന്ധന പാലിക്കപ്പെടാത്ത വ്യവസായ മേഖലകൾ

809. [1001] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചു കൊല്ലത്തിലൊരിക്കലെങ്കിലും മിനിമം കൂലി പുതുക്കി നിശ്ചയിക്കണമെന്ന നിബന്ധന പാലിക്കപ്പെടാത്ത ഏതെങ്കിലും വ്യവസായ മേഖലകൾ സംസ്ഥാനത്തുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അത്തരം മേഖലകളിൽ മിനിമം കൂലി പുനർ നിർണ്ണയം ചെയ്യാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പല മേഖലകളിലും മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി

810. [1002] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പദ്ധതി എന്ന് നടപ്പിൽ വരും ;

(ബി) ഇത് ഏഴാം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(സി) പദ്ധതിയുടെ സർവ്വേ എന്തായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അന്വേഷണ പ്രവർത്തനങ്ങൾ 1983-ൽ ആരംഭിച്ചു. ഈ അന്വേഷണ പ്രവർത്തനങ്ങളുടെ ഫലം മാതൃകാ പഠനത്തിന് വിധേയമാക്കാനുള്ള നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം പൊഴി മുറിയുമ്പോഴുള്ള ഒഴുക്കിന്റെ വിവരങ്ങൾ, തിരമാലയുടെ വിവരങ്ങൾ, ബീച്ചിലെ മണൽ കയറ്റവും ഇറക്കവും സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ എന്നിവയെക്കുറിച്ച് സർവ്വേയും നടത്തേണ്ടതുണ്ട്. പ്രസ്തുത സർവ്വേയും മാതൃകാ പഠനവും പൂർത്തിയായശേഷം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിനു വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

ബാർ ലൈസൻസുകൾ

811. [1003] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട് ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ബാറുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) 169 എണ്ണം.

(ബി) 293 എണ്ണം.

മദ്യഷാപ്പുകളുടെ ഉപഷാപ്പുകൾ

812. [1004] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു മദ്യഷാപ്പിന് എത്ര ഉപഷാപ്പുകളാണ് അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly